# ഉറയൊഴിച്ചതിൻ പാട്ടുകൾ

പ്രസാദ് കാക്കശ്ശേരി



ചുനയൊലിച്ചതിൻ പാട്ടുകൾ
പ്രസാദ് കാക്കശ്ശേരി
(മലയാളം: കവിതകൾ)

© 2020, Prasad Kakkassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Magnificent braided river delta, A photo by Alaska ShoreZone Program NOAA. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


1 ഇമോജികൾ . . . . . . . . . . . . . . . . 4

2 രാധമ്പ്രാൾ . . . . . . . . . . . . . . . . . . 5

3 പഞ്ചാരമുക്ക് . . . . . . . . . . . . . . . . 6

4 ഇരുഭ്രപടങ്ങൾക്കിടയിൽ . . . . . . 7

# 1

# ഇമോജികൾ



കൂട്ടുപിരിഞ്ഞെട്ടു വർഷം കഴിഞ്ഞവൾ
വാട്സാപ്പയച്ച - നിറവൊത്ത ജീവിതം
കുട്ടികൾ, വാർഷികാഘോഷം, മധുരം മുറിക്കൽ
ചേട്ടനോടൊത്തെടുത്തതാം ‘സെൽഫി’കൾ

ഒറ്റയായ്, അറ്റുപോയതോ, മറ്റ്
തെറ്റ് പറ്റിയ തോന്നലോ, കുറ്റബോധമോ
ചെറ്റ് നിശ്ചയമില്ലാത്ത, അറ്റമില്ലാത്ത
പറ്റ് വീട്ടാത്ത പുസ്തകം പോലെ ഞാൻ

എങ്ങനെ പ്രത്യഭിവാദനം, വിരൽ തൊ-
ട്ടെങ്ങുമില്ലാത്ത പരിഭ്രമ ഗദ്ഗദം
വേണ്ട വാക്കുകൾ, വിരൽ വെച്ചെട്ടു-
ക്കേണ്ട, നിയതഭാവമാം വ്യഞ്ജന മതിയിനി-

ചിരിതരം പോലെ മഞ്ഞപ്പിമോജികൾ
വരിനിന്നു തുള്ളും, പതിയാൻ മിടിക്കും
കൊഞ്ഞപ്പ് മുഞ്ഞികൾ, ചരാചര സങ്കേത-
മാർന്നടയാളങ്ങൾ, മടിപ്പേച്ചട്ടുക്കുകൾ.

ഉടക്കി നീലക്കുട; അതിൽ വീഴാൻ
തുടിക്കും ഇരുതുള്ളി, കുടക്കൂട്ട് ആൺതുണ
ഭാവാർത്ഥമൊന്നായ് നിവർത്തുന്നു
പൂർണ്ണമായ് ഒറ്റ ഞെക്കിൽ ഇമോജിയിൽ

ക്ഷമിക്കണേ ധ്വനികാവ്യമല്ല വാട്സപ്പടക്കുകൾ
വിനിമയക്കുട ചുരുക്കിവെച്ചേക്കു നീ...

## 2

# രാധമ്പ്രാൾ



വെട്ടിയിട്ട പോൽ കിടക്കും
കമ്മളെ ഒന്ന് നോക്കി
മേൽമുണ്ടൊന്നെടുത്തിട്ട്
കട്ടയിട്ട ടോർച്ചടിച്ച്
ഇരുട്ടിലേക്കിറങ്ങുന്നു
മുടങ്ങാതെ രാധമ്പ്രാൾ

പുലരിപ്പാൽ ചുരത്തും
മുൻപതിവേഗം മൊന്തയിൽ
നറും പത ചിരി ചാറ്റി
തൊഴുത്തായ തൊഴുത്തൊക്കെ
കുമ്പിട്ട് നിവരുന്നു...

മുരടുന്നു,കണ്ണാലൊന്ന്
തൊഴിക്കാറുണ്ടിന്നുമമ്പ്രാൾ
ഗോപാലന്മാർ കടക്കണ്ണാൽ
വിടത്തങ്ങളുരുമ്മുമ്പോൾ

ഉശിരില്ലാ മൂരിയല്ലേ
ഇപ്പോഴങ്ങേർ കിടപ്പല്ലേ
അകിടൊന്ന് കനക്കാതെ
ഇടങ്ങേറൊന്നുമില്ലേ
തൊഴുത്തായ തൊഴുത്തൊക്കെ
അയവെട്ടിക്കയർക്കുമ്പോൾ

നിറപാൽ തെളിയായി
ചിരിതെന്നും പതയായി
കടക്കണ്ണിൽ ഒരു തുള്ളി
ഒളിപ്പിക്കും രാധമ്പ്രാൾ

ഫ്രീസറിൽ നിന്നെടുത്ത
പാക്കറ്റ് വാങ്ങി മടങ്ങുമ്പോൾ
പുലർച്ച, മണ്ണെണ്ണ ചിമ്മിണി,
പാഠഭാഗം, കോട്ടുവായ,
ടോർച്ചടിച്ച നിലാമഞ്ഞ
ഇടവഴിയേറി,യോർമ്മ
മുറിയുന്നു രാധമ്പ്രാൾ.

## 3

# പഞ്ചാരമുക്ക്[1]



ഉദ്ധാരണം കിട്ടാത്ത
അപകർഷ ജാള്യതയോടെ
ഒതുങ്ങി നിൽപ്പാണിപ്പോൾ
പഞ്ചാരമുക്ക്;
ഗുരുപവനപുരിയിലെ
പഞ്ചാരത്തരിയിലേക്കും
മിനി ഗൾഫിന്റെ
ഇനിക്കും മിനുപ്പിലേക്കും
ഒരേ ദൂരമെന്നിരിക്കിലും.

നോട്ടുബുക്കും ചോറ്റുപാത്രവും
ദാവണിനെഞ്ചോട് ചേർത്തൊതുക്കി
ബസ്സ് കാത്തുനിന്ന
കലാലയ കുമാരിമാരും
പഞ്ചാരയടിച്ച് നിന്ന കുമാരന്മാരും
ഊരിന്റെ പേരിലേക്ക്
ആഴ്ന്നിറങ്ങിയ വേരുകൾ.

നാട്ടാർക്കിപ്പോൾ
ചെളിച്ചുരും
ഉപ്പുകാറ്റുമടിച്ച്
ധാതുക്ഷയം വന്ന മുക്കുട്ടുവഴി

നാളെ പോക്കുവരവുകൾക്കു
വീതിയേറ്റുമ്പോൾ
മുക്കെല്ലാം മെരുങ്ങുമ്പോൾ
ഊരും പേരും ഇടയുമ്പോൾ

കമിഴ്ത്തിവെച്ച ഗ്ലാസ് വട്ടത്തിൽ
ചത്തിരിക്കും ഉറുമ്പ് സാക്ഷ്യം;
മധുരമുണ്ടായിരുന്നു തൊണ്ടയിൽ.

1. പാവറട്ടിയിൽനിന്ന് ചാവക്കാട്ടേയ്ക്കും ഗുരുവായൂരിലേക്കും തിരിയുന്ന മുക്കവല—പഞ്ചാരമുക്ക്.

# 4

# ഇരുഭൂപടങ്ങൾക്കിടയിൽ



ഇപ്പുഴം രണ്ട് കുളമുണ്ട് തൊടിയിൽ
കളരിക്കുളം, വടക്കേക്കുളം ചൊല്ലി
അതിരിട്ട് നിർത്തിയ
ജലദേശ വിസ്തൃതി

നീന്തലും തുടിക്കലും മദിക്കലും
പരിചയിച്ചുദ്ധൃത വീര്യമായ്
ത്രസിച്ച കളരിക്കുളം.
കൽപ്പടവ്, ചാരെ കരിമ്പന
തലയെടുപ്പെ,ഴുന്നള്ളാൻ വാഴ്ത്തും
ഉങ്ങിൻ പച്ചത്തഴപ്പ്
വിലങ്ങനെ ചാടാൻ ചരിഞ്ഞ് നിൽക്കും
തെങ്ങ,തിൽ വന്നിരിക്കും
വേഗവിരുതാലെയ്യുന്ന പൊന്മ.
കളരിക്കുളം—ആൺ ചൂരു മാത്രം
ശ്വസിക്കുന്ന ക്ലാസ്സ് മുറി മാതിരി-
ഓതി ചിരിക്കുന്നൊരാശാനുമോർമ്മയിൽ
നീരുവറ്റി വാതജ്വരത്തിൽ
ഓളം തിളങ്ങാതെ നിശ്ചല ജലാശയം

വടക്കേക്കുളം, അടക്കിപ്പിടിച്ച
ചിരിയും കരച്ചിലും ഈറനുടുത്ത്
ഒതുങ്ങിനിൽക്കും തീണ്ടാരി
പരിഭ്രമമാർന്ന പായൽ ജലാശയം.
അലക്കുകാരവും ചെങ്കല്ലും
കലഹിച്ച ചെത്തം
വാക്കെല്ലാം ഊളിയിട്ടോരു
നീർക്കോലിപോലെയുഴറുന്ന നട്ടുച്ച.
താളിയും എണ്ണയും ജാള്യനഗ്നത-
യിലാകെ മിനുങ്ങുന്ന സന്ധ്യ,
പെൺപള്ളിക്കൂടമെന്നാശാത്തിചൊല്ലിയ,
ആൺനോട്ടമെത്തും കൈതമുറിവോ-
ലുന്ന കൂരിരുൾ പൊന്തകൾ.

ജലപ്പിശാചെന്നിൽ കുഴൽതിരിക്കുമ്പോൾ
വലഞ്ഞകൈവിരൽ വരണ്ട് കോറുന്നു:
യുദ്ധമോ, ഉൾക്കലാപങ്ങളോ,
രോഗബാധയോ, കാലഭീതിയോ
ഉപേക്ഷിതം ഈ രണ്ടു രാജ്യങ്ങൾ;
ഭൂതകാല വിഭവഭൂപടം മുക്കും ചതിക്കുഴി.

□

## പ്രസാദ് കാക്കശ്ശേരി



തൃശ്ശൂർ ജില്ലയിലെ കാക്കശ്ശേരി ദേശത്ത് ജനിച്ചു. ആനുകാലികങ്ങളിൽ കവിതകളും ലേഖനങ്ങളും എഴുതുന്നു. കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാലയിൽ നിന്ന് എം. എ മലയാളം ഒന്നാം റാങ്കോടെ വിജയിച്ചു. കലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് എം. ഫിൽ. ഇപ്പോൾ മലപ്പുറം ജില്ലയിലെ പാലപ്പെട്ടി ഗവ. സ്കൂളിൽ ഹയർസെക്കന്ററി മലയാളം അധ്യാപകൻ.

കലിഗ്രഫി: എൻ. ഭട്ടതിരി
ചിത്രങ്ങൾ: വി. മോഹനൻ

RIVER VALLEY
DIGITAL LIBRARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.